ല ൂ ക്ക ാ 1 6 : 1 9 – 3 1

**2023 ആഗസ്റ്റ് 13**

# വചനസന്ദേശം

**ഫാ. ജോസഫ് പടിഞ്ഞാറേപ്പള്ളാട്ടിൽ**

**ധനവാന്റെ തടസ്സങ്ങൾ**

ധനവാനും ലാസറും (ലൂക്കാ 16:19–31) ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഒരു ഉപമയാണ്. ജീവിതകാലത്ത് ആരെയും പരിഗണിക്കാതെ സുഭിക്ഷതയിൽ കഴിഞ്ഞ ഒരു ധനവാൻ മരണശേഷം യാതനകളിലേക്കും, യാതനകളിൽ കഴിഞ്ഞ ഒരു പാവപ്പെട്ടവൻ ലാസർ മരണശേഷം ആശ്വാസത്തി ലേക്കും കടക്കുന്ന ഉപമ പാവപ്പെട്ടവരെക്കുറിച്ചുള്ള കരുതലാണ് സ്വർഗ പ്രാപ്തിക്കുള്ള പാലമെന്ന് അസന്നിഗ്ദ്ധമായി ഈ ഉപമയും നമ്മെ പഠിപ്പിക്കു കയാണ്.

ലൂക്കാ സുവിശേഷകൻ മറ്റൊരിടത്തും ഇങ്ങനെ എഴുതുന്നുണ്ട്? ''ധന വാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒരു ഒട്ടകം സൂചി ക്കുഴയിലൂടെ കടന്നുപോകുന്നതാണ്'' (ലൂക്കാ 18:24–25). ഒട്ടകത്തിന്റെ വലിപ്പ വും സൂചിക്കുഴയുടെ ചെറുപ്പവും ഈ പ്രക്രിയയെ തടസ്സപ്പെടുത്തുന്നതുപോലെ ധനവാനായിരിക്കുന്നത് സ്വർഗപ്രാപ്തിക്കുള്ള തടസ്സം തന്നെയെന്നാണ് ആദ്യ വായനയിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുക. ഇവിടെ പ്രധാനപ്പെട്ട ചോദ്യം ഇവയാണ്: ധനികൻ സ്വർഗത്തിൽ പോവുമോ? ധനം ഉണ്ടാവുക എന്നത് സ്വർഗ പ്രാപ്തിക്കുള്ള തടസ്സമാണോ? ധനം ഉണ്ടാവുക എന്നതല്ല, ധനവാന്റെ മനോ ഭാവമാണ് സ്വർഗപ്രാപ്തിയുടെ മാനദണ്ഡം. ധനവാനും ലാസറും എന്ന ഉപമ മുന്നോട്ടു വയ്ക്കുന്ന സ്വർഗപ്രാപ്തിക്കു തടസ്സം നിൽക്കുന്ന 2 മനോഭാവ ങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

## 1) ദൈവാശ്രയം ഇല്ലാത്ത മനോഭാവം

ഈ ഉപമയിൽ 'ലാസർ' എന്ന കഥാപാത്രം ഈ മനോഭാവത്തെ സൂചിപ്പിക്കുന്നു. 'ലാസർ' എന്നത് 'ഏലെയാസർ' എന്ന പദത്തിന്റെ ചുരുക്കിയ രൂപമാണ്. ''ദൈവം സഹായം'' എന്നതാണ് ഈ പദത്തിന്റെ അർത്ഥം. വി. ഗ്രന്ഥത്തിൽ കാണുന്ന 'അനാവിം' എന്ന പദത്തോട് ചേർന്നു പോകുന്ന ഒരു വാക്കാണത്. 'അനാവിം' എന്നാൽ ''ദൈവത്തിന്റെ പാവപ്പെട്ടവൻ'' എന്നാണ് അർത്ഥം. ലാസർ ദൈവസഹായത്തിൽ ആശ്രയിച്ചവനാണ്. ധനവാൻ തന്നിൽതന്നെ ആശ്രയിച്ചവനും. ദൈവത്തിൽ ആശ്രയിച്ചു ജീവിച്ചവൻ സ്വർഗത്തിലും തന്നിൽത്തന്നെ ആശ്രയിച്ചവൻ സ്വർഗത്തിന്റെ പുറത്തും ആയ ഉപമയാണ് ധനവാനും ലാസറും. ലൂക്കായുടെ സുവിശേഷത്തിൽ തന്നെ 12:13–21 ൽ കാണുന്ന ഭോഷനായ ധനികൻ എന്ന ഉപമയും ഇതേ ആശയം തന്നെയാണ് അവതരിപ്പിക്കുന്നത്. ''തനിക്കു വേണ്ടി തന്നെ സമ്പന്നനാകാതെ ദൈവസന്നിധിയിൽ സമ്പന്നനാവുക'' (ലൂക്കാ 12:21) എന്നതിന്റെ അർത്ഥവും ദൈവാശ്രയബോധം ഉണ്ടായിരിക്കുക എന്നു തന്നെയാണ്. ''നമ്മുടെ സുഭിക്ഷതയിൽ ദൈവത്തെ മറക്കാതിരിക്കുക'' (നിയമ. 8:11).

## 2) അപരനെക്കുറിച്ച് ചിന്തയില്ലാത്ത മനോഭാവം

മനുഷ്യത്വത്തിന്റെ അംശമറ്റുപോയി എന്നതാണ് ധനവാന്റെ പ്രശ്നം. ലാസർ എന്ന ദരിദ്രൻ തന്റെ പടിവാതില്ക്കൽ ഉണ്ടായിരുന്നെന്നും, അവന് വിശക്കുന്നുണ്ടെന്നും, അവൻ അവശനാണെന്നും ധനവാന് അറിവുള്ളതാണ്. പക്ഷേ, പരിഗണിച്ചില്ല. ഈ ഉപമയിലെ ധനവാൻ ആകെ പരിഗണന കാണിക്കുന്നത് സ്വന്തം സഹോദരങ്ങളോട് മാത്രമാണ്. അതും മരണശേഷം. അപരനെക്കുറിച്ചുവേണ്ട ഈ ചിന്തയുടെ അഭാവമാണ് ധനവാന് സ്വർഗരാജ്യ ത്തിൽ പ്രവേശിക്കുന്നതിന്റെ തടസ്സം. മത്തായിയുടെ സുവിശേഷത്തിൽ യുഗാന്തത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ (മത്താ. 25:31–46) നാം ഇത് വായിക്കുന്നുണ്ട്. വിശക്കുന്നവരോടും ദാഹിക്കുന്നവരോടും പരദേശിയോടും നഗ്നനോടും കാരാഗൃഹത്തിൽ ആയിരിക്കുന്നവനോടും ഉള്ള പരിഗണനയും കാരുണ്യവുമാണ് ഒരുവനെ സ്വർഗപ്രാപ്തിക്ക് യോഗ്യനാക്കുന്നത്.

സഭയുടെ അടിസ്ഥാന സ്വഭാവം തന്നെ ഈ പക്ഷം പിടിക്കലാണ്. പാവപ്പെട്ടവന്റെ പക്ഷം പിടിക്കൽ. Church should have a preferential option for the poor. പാവപ്പെട്ടവനുവേണ്ടിയുള്ള പാവപ്പെട്ടവരുടെ കൂട്ടായ്മയാണ് സഭ. ഫ്രാൻസിസ് മാർപാപ്പ ഒരിക്കൽ നർമ്മ രൂപേണ പറഞ്ഞ ഒരു കാര്യം ഇത്തരു ണത്തിൽ പ്രസക്തമാണ്: 'സഭ പാവപ്പെട്ടവരുടെ സഭയാണ്, പാവപ്പെട്ടവർക്കു വേണ്ടിയുള്ള സഭയാണ്. ഇല്ലായ്മയിൽ നിന്നുപോലും മറ്റുള്ളവരെ സഹായി ക്കണമെന്നതാണ്

സഭയുടെ സ്വഭാവം. ആദ്യകാലങ്ങളിൽ സഭ അത് അതേപടി തന്നെ അനുഷ്ഠിക്കുമായിരുന്നു. എന്നാൽ കാലം കഴിഞ്ഞപ്പോൾ ആ സ്വഭാവ ത്തിനു അല്പം മാറ്റം സംഭവിച്ചു. പാത്രത്തിൽ നിന്നു തുളുമ്പിപ്പോവുന്നത് ശേഖരിച്ച് സഭ പാവപ്പെട്ടവർക്കു കൊടുക്കാൻ തുടങ്ങി. എന്നാൽ ഇന്നോ? തുളുമ്പിപോകാൻ അനുവദിക്കാതെ നമ്മൾ ആ പാത്രത്തിന്റെ വലിപ്പം കൂട്ടി ക്കൊണ്ടിരിക്കുകയാണ്! പാവങ്ങളോടു ആഭിമുഖ്യമില്ലാത്തവരോട് സ്വർഗത്തിനും ആഭിമുഖ്യം ഉണ്ടാവില്ല എന്ന് ധനവാനും ലാസറും എന്ന ഉപമ പഠിപ്പിക്കുന്നത് ഇന്നത്തെ പശ്ചാത്തലത്തിൽ ഗൗരവമായി സ്വീകരിക്കാൻ നാം പരിശ്രമിക്കണം. ഒരു നിയമജ്ഞൻ യേശുവിനോടു ചോദിച്ചു. ''ഏറ്റവും പ്രധാനപ്പെട്ട കല്പന ഏതാണ്?'' യേശു പറഞ്ഞ ഉത്തരവും ഈ ഉപമയുടെ ഉള്ളടക്കം തന്നെയാണ്. ഒന്ന്, ദൈവത്തിൽ ആശ്രയിക്കുക, രണ്ട് സഹോദരനെ സ്നേഹിക്കുക. ദൈവാ ശ്രയത്തിലും പരാഭിമുഖ്യത്തിലും സമസ്ത നിയമങ്ങളും പ്രവാചകന്മാരും അട ങ്ങിയിരിക്കുന്നു. എ